പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6543 | 08/11/2016 -ൽ മറുപടിക്ക്

## രക്തദാനത്തിലൂടെ എയ്ഡ്സ് ബാധിച്ചവർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്ത് രക്തദാനത്തിലൂടെ എയ്ഡ്സ് ബാധിച്ചവരുണ്ടെന്ന ദേശീയ എയ്ഡ്സ് നിയന്ത്രണ സംഘടനയുടെ (നാക്കോ) കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | നാഷണൽ എയിഡ്സ് കൺട്രോൾ ഓർഗനൈസേഷനിൽ നിന്നും വിവരാവകാശ നിയമ പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേരളത്തിൽ രക്തം സ്വീകരിച്ചത് വഴി എയ്ഡ്സ് ബാധിച്ചതായുള്ള നാക്കോയുടെ റിപ്പോർട്ട് പ്രകാരമുള്ള കേസുകളൊന്നും തന്നെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ രക്ത സുരക്ഷിതത്വ വിഭാഗത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| ബി) | പല രക്തബാങ്കുകളും രക്തം സ്വീകരിക്കുമ്പോൾ പാലിക്കേണ്ട കർശന വ്യവസ്ഥകൾ പാലിക്കാത്തതാണ് ഈ സ്ഥിതിവിശേഷം സൃഷ്ടിക്കുന്നതിന് ഇടയാക്കിയതെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; | ബി) | കേരളത്തിലെ രക്ത ബാങ്കുകൾ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് നൽകുന്ന ലൈസൻസുപ്രകാരമാണ് പ്രവർത്തിക്കുന്നത്. ഈ രക്തബാങ്കുകളിലെല്ലാം തന്നെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് പ്രകാരമുള്ള അഞ്ച് പ്രാഥമിക പരിശോധനകൾ (എച്ച്.ഐ.വി, ഹെപ്പറ്റൈറ്റിസ് സി, ഹെപ്പറ്റൈറ്റിസ് ബി, മലേറിയ, സിഫിലിസ്) വിധേയമാക്കിയതിനു ശേഷമാണ് ധാതാവിൽ നിന്നും സ്വീകരിക്കുന്ന രക്തം ആവശ്യമായ രോഗികൾക്ക് നൽകുന്നത്. കൂടാതെ രക്ത ബാങ്കുകൾക്ക് ലൈസൻസ് |

| | | | |
|---|---|---|---|
| | | | അനുവദിക്കുമ്പോഴും, ലൈസെൻസ് പുതുക്കുമ്പോഴും സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും, സംസ്ഥാന ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റും പരിശോധനകൾ നടത്തി തൃപ്തികരമാണെങ്കിൽ മാത്രമാണ് ലൈസൻസ് അനുവദിക്കുന്നത്. |
| സി) | സുരക്ഷിത രക്തദാനം ഉറപ്പു-വരുത്തുന്ന തരത്തിലുള്ള അന്താരാഷ്ട്ര നിലവാരമുള്ള സാങ്കേതിക വിദ്യകൾ ലഭ്യമല്ലാത്തതുകൊണ്ടാണ് സ്വീകരിക്കുന്ന രക്തം സുരക്ഷിതമാണെന്ന് ഉറപ്പു-വരുത്താൻ പല രക്ത-ബാങ്കുകൾക്കും കഴിയാത്ത-തെന്ന റിപ്പോർട്ടുകൾ ശ്രദ്ധ-യിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ അംഗീകൃത രക്തബാങ്കുകൾക്ക് ഇത്തരം സാങ്കേതികവിദ്യകൾ ലഭ്യമാ-കുന്നതിനാവശ്യമായ സഹായ-ങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്ത-മാക്കുമോ? | | നിലവിൽ ലഭ്യമായ ആധുനിക സാങ്കേതികവിദ്യ എന്ന് പറയുന്നത് ന്യൂക്ലിക് ആസിഡ് ടെസ്റ്റ് ആണ്. എന്നാൽ സംസ്ഥാനത്തെ സർക്കാർ രക്തബാങ്കുകളിൽ നടപ്പാക്കുന്നതിന് ഭാരിച്ച തുക ആവശ്യമായി വരും കൂടാതെ സാധാരണ രോഗികളിൽ നിന്നുപോലും ഉയർന്ന തുക ടെസ്റ്റ് ഫീസായി വാങ്ങേണ്ടതായും വരും. നിലവിൽ ന്യൂക്ലിക് ആസിഡ് ടെസ്റ്റുമായി വലിയ വ്യത്യാസമില്ലാത്ത എലീസ ടെസ്റ്റാണ് രക്ത ബാങ്കുകളിൽ നടത്തുന്നത്. ന്യൂക്ലിക് ആസിഡ് ടെസ്റ്റ് ചെയ്താലും ഡി & സി ആക്ട് നിഷ്കർഷിച്ചിട്ടുള്ള എലീസ ടെസ്റ്റുകൾ ചെയ്തിരിക്കണം. കൂടാതെ രക്തം വഴിയുള്ള എച്ച്.ഐ.വി അണുവ്യാപനം തടയുന്നതിനുള്ള ഏറ്റവും മികച്ച മാർഗങ്ങളിലൊന്നായ ആവർത്തിച്ചുള്ള സന്നദ്ധ രക്തദാനം പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ തലസ്ഥാന ആരോഗ്യ വകുപ്പും മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് നടപ്പാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ